# 30. അഴിമതിയുടെ വേരുകൾ

ജമ്മു-കാശ്മീർ സ്റ്റേററിലെ ഗവർണരായ ശ്രീ ബി. കെ. നെഹ്റു ഡിസംബർ 22-ാം തീയതി മദ്രാസിൽവെച്ച് 'അഴിമതിയുടെ വേരുകൾ' എന്ന ഒരു പ്രസംഗം ചെയ്യുകയുണ്ടായി. ഈ പ്രസംഗം ഡിസംബർ 23-ലെ 'ഹിന്ദു' പത്രത്തിൽ പൂർണമായി പ്രസിദ്ധീകരിച്ചിരുന്നു. മന്ത്രിമാരും എം. പി. മാരും അഴിമതിക്കാരാണെന്ന് ഈ പ്രസംഗത്തിൽ നെഹ്റു പ്രസ്താവിച്ചിട്ടുണ്ടെന്നും, അതിനാൽ ഒന്നുകിൽ കേന്ദ്ര മന്ത്രിസഭ രാജിവെക്കുകയോ, അല്ലെങ്കിൽ ശ്രീ നെഹ്റുവിനെ ഗവർണർ സ്ഥാനത്തുനിന്നു പിരിച്ചുവിടുകയോ ചെയ്യണമെന്നും ഒരു എം. പി. അതിനടുത്ത ദിവസം രാജ്യസഭയിൽ പ്രസ്താവിച്ചു. പക്ഷേ, ഈ വിഷയത്തെപ്പററി ഒരു ചർച്ച അദ്ധ്യക്ഷൻ അനുവദിച്ചില്ല.

പ്രശസ്തമാംവിധം ദീർഘകാലം ഇന്ത്യാ ഗവണ്മെൻറിൻെറ വിദേശവകുപ്പിൽ ഉത്തരവാദപ്പെട്ട ജോലികൾ നിർവഹിച്ചിട്ടുള്ള ഒരു ഐ. സി. എസ്. ഉദ്യോഗസ്ഥനാണ് ശ്രീ നെഹ്റു. അതിനാൽ ഭരണമണ്ഡലത്തിലെ അഴിമതിയുടെ കാരണങ്ങളെപ്പററിയും നിവാരണ മാർഗങ്ങളെപ്പററിയും പറയാൻ തീർച്ചയായും അദ്ദേഹത്തിനു് അർഹതയുണ്ട്.

നമ്മുടെ സമൂഹത്തിൽ സർക്കാരിനുള്ള ഉയർന്ന പദവി നിമിത്തം, തിരഞ്ഞെടുപ്പിലൂടെ സർക്കാരിൻെറ തലപ്പത്തു് എത്തിയവരുടെ പ്രവൃത്തികളിൽ വെളിപ്പെടുന്ന മൂല്യങ്ങളാണ് സമൂഹത്തിനു പൊതുവെ മാർഗദർശകമാവുന്നതെന്ന് ശ്രീ നെഹ്റു തുടക്കത്തിൽത്തന്നെ പ്രസ്താവിച്ചു. നിർഭാഗ്യവശാൽ സർക്കാരിൻെറ എല്ലാ വിഭാഗങ്ങളിലും അഴിമതി വ്യാപിച്ചിരിക്കുന്നു. അഴിമതിയുടെ കാര്യത്തിൽ ഒരു രാഷ്ട്രീയപാർട്ടി മറെറാന്നിനെക്കാൾ മെച്ചമെന്നു പറയാനില്ല. വളരെ വലിയ ഒരു പങ്ക് രാഷ്ട്രീയക്കാരും മന്ത്രിമാരും അഴിമതിക്കാരാണ്. സർക്കാർ സർവീസിൽ താഴ്ന്ന തലങ്ങളിൽ അഴിമതി പരക്കെയുണ്ട്. നടുത്തട്ടിലും അതു പരന്നിരിക്കുന്നു. ഇപ്പോൾ മേൽത്തട്ടിലേക്ക്—അഖിലേന്ത്യാ സർവീസുകളിലേക്ക്—കൂടി അഴിമതി വ്യാപിക്കുകയാണ്. ഇതിൻെറ ഫലമായി നിയമവാഴ്ച എന്നൊന്ന് നാട്ടിൽ ഇല്ലാതായിരിക്കുന്നു. നിയമം നൽകുന്ന അധികാരങ്ങൾ നല്ല മനുഷ്യർക്കു ലഭിക്കുന്നില്ല. നിയമം ലംഘിക്കുന്ന കള്ളന്മാർക്കു ശിക്ഷ കിട്ടുന്നില്ല. സ്വാതന്ത്ര്യലാഭത്തിനു ശേഷം നാം ഒരു പാടു നല്ല നിയമങ്ങളുണ്ടാക്കി. എന്നിട്ടെന്തു്? അവയുടെ ഗുണം സാധാരണക്കാർക്കു കൈവന്നില്ല. നാലു കുതിരകളെപ്പൂട്ടിയ ഒരു വണ്ടി നടുവിലൂടെ ഓടിക്കാൻ വേണ്ടത്ര വിടവ് നമ്മുടെ സിവിലും ക്രിമിനലുമായ എല്ലാ നിയമങ്ങൾക്കുമുണ്ട്. പണമോ, രാഷ്ട്രീയസ്വാധീനമോ ഉള്ളവരെ സംബന്ധിച്ചിടത്തോളം ഈ നിയമങ്ങളൊക്കെ എന്നേ ചത്തുകഴിഞ്ഞിരിക്കുന്നു.

ഒരു തലമുറ മുമ്പുവരെ നാം സത്യസന്ധരുടെ ഒരു രാഷ്ട്രമായിരുന്നു. ഇത്ര ചുരുങ്ങിയ കാലംകൊണ്ടു നാമെങ്ങനെ കള്ളന്മാരുടെ ഒരു രാഷ്ട്രമായി മാറി? ഇതിനുള്ള മുഖ്യ കാരണം നാം അംഗീകരിച്ച ഭരണവ്യവസ്ഥയാണ് എന്ന് ശ്രീ നെഹ്റു പറയുന്നു. വളരെ പണച്ചെലവുള്ള ഒന്നാണ് നമ്മുടെ ഭരണവ്യവസ്ഥ. ഇന്ത്യയിൽ ഒരു ശരാശരി പാർലമെൻററി നിയോജകമണ്ഡലത്തിന് 6000 ച. കി. മീ. വലിപ്പമുണ്ട്. അതിൽ ശരാശരി പന്ത്രണ്ടര ലക്ഷം വോട്ടർമാരുണ്ട്. (അമേരിക്കയിൽ ഇതു് യഥാക്രമം 1000 ച. കി. മീ. ഉം രണ്ടു ലക്ഷവുമാണ്). ഇത്രയും വലിയൊരു നിയോ

ജകമണ്ഡലത്തിൽ മത്സരിച്ചു ജയിക്കാൻ അഞ്ചു ലക്ഷം മുതൽ ഇരുപതു ലക്ഷംവരെ രൂപ സാധാരണനിലയിൽ ചിലവുണ്ട്. സ്റ്റേറ്റ് അസംബ്ലികളിൽ ഓരോ നിയോജക മണ്ഡലത്തിലും സ്ഥാനാർത്ഥി ഒരു ലക്ഷം മുതൽ അഞ്ചു ലക്ഷംവരെ രൂപ ചെലവാക്കണം. പാർലമെൻറിൽ 542 തെരഞ്ഞെടുത്ത അംഗങ്ങളുണ്ട്; സ്റ്റേറ്റ് നിയമസഭകളിൽ 3553 മെമ്പർമാരും. ഒരു തെരഞ്ഞെടുപ്പിനു ന്യായമായിത്തന്നെ വരുന്ന ചെലവ് ഇതിൽനിന്നു കണക്കുകൂട്ടാവുന്നതേയുള്ളു. ബൂത്തു പിടിച്ചടക്കാനും ഗുണ്ടായിസത്തിനും മററും വേണ്ടിവരുന്ന ചെലവു മതിപ്പിനും അപ്പുറത്താണ്. ഇത്തരം ചെലവുകളും എല്ലാ തിരഞ്ഞെടുപ്പിലും ധാരാളം വേണ്ടിവരുന്നുണ്ട്.

ഈ പണത്തിൽ കുറച്ചു പാർട്ടി ഉണ്ടാക്കും; കൂടുതലും സ്ഥാനാർത്ഥി തന്നെ ഉണ്ടാക്കണം. എങ്ങനെ ഉണ്ടാക്കുന്നു? തങ്ങളിൽ നിക്ഷിപ്തമായ അധികാരം ദുരുപയോഗപ്പെടുത്തി, അന്യായമായ ആനുകൂല്യങ്ങൾ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അനുവദിക്കുന്നതിനു പ്രതിഫലമായി നിയമസഭാംഗങ്ങൾ (മന്ത്രിമാരടക്കം) വാങ്ങുന്ന കോഴയാണ് ഇന്ത്യൻ ജനാധിപത്യത്തിൻെറ, ഇന്ത്യൻ അഴിമതിയുടേയും, ഉറവിടം. ഇന്നത്തെ നിയമസഭാംഗങ്ങളിൽ ചുരുക്കം പേർക്കേ ഭരണനയത്തിലോ നിയമനിർമാണത്തിലോ താല്പര്യമുള്ളൂ എന്നു് ശ്രീ നെഹ്റു പറയുന്നു. അത്തരം താല്പര്യമുള്ളവർക്കു സാധാരണയായി ഇപ്പോൾ നിയമസഭ കാണാനേ പററില്ല. ഇപ്പോൾ നിയമസഭകളിൽ കടന്നുകൂടുന്ന അധികം പേരുടെയും ലക്ഷ്യം അധികാരം മാത്രമാണ്; അധികാരത്തിൻെറ ലക്ഷ്യമാകട്ടെ, പണം നേടലും. ഇന്ത്യയിൽ ഒരു സ്റ്റേററിലെ നിയമസഭാംഗങ്ങളിൽ മുപ്പതു ശതമാനം പേരും ഏതെങ്കിലും ചില ക്രിമിനൽക്കേസ്സുകളിൽ പ്രതികളാണെന്നു് ശ്രീ നെഹ്റു പ്രസ്താവിച്ചു. ഇവരുടെയൊക്കെ ഉദ്ദേശ്യം മന്ത്രിമാർ ആവുകയാണ്. ഇപ്പോൾ ഇന്ത്യയിലെ മിക്ക സ്റ്റേററുകളിലും കളക്ടർമാരേക്കാൾ കൂടുതൽ മന്ത്രിമാരുണ്ട്. മന്ത്രിമാർ ആവാൻ കഴിയാത്തവർ കോർപ്പറേഷനുകളിൽ ചെയർമാന്മാരും ഡയറക്ടർമാരും മററും ആവുന്നു. ഈ കോർപ്പറേഷനുകൾ പൊതുഖജനാവിനു വരുത്തിവെക്കുന്ന നഷ്ടം കുറച്ചൊന്നുമല്ല. എല്ലാററിൻേറയും ഭാരം പാവപ്പെട്ട നികുതിദായകർ പേറേണ്ടിവരുന്നു. കോർപ്പറേഷനിലേക്കും കൊള്ളാത്ത എം. എൽ. എ. തൻെറ നിയോജക മണ്ഡലം 'ഭരിക്കുന്നു.' അയാൾ അവിടെ തോന്ന്യാസം കാട്ടുന്നു; എതിർക്കുന്ന ഉദ്യോഗസ്ഥന്മാരെ സ്ഥലം മാററുന്നു; അല്ലെങ്കിൽ സസ്പെൻഡ് ചെയ്യുന്നു. തിരുവാക്കു് എതിർവായില്ല!

രാഷ്ട്രീയതലത്തിലുള്ള അഴിമതി ഉദ്യോഗസ്ഥന്മാരെ മുഴുവൻ നിർവീര്യരാക്കുന്നു. മേലുദ്യോഗസ്ഥന്മാർ കൊള്ളക്കാരാണെങ്കിൽ, കീഴുദ്യോഗസ്ഥന്മാർക്കും നേടിക്കൂടേ കൊള്ളമുതലിൽ ഒരു പങ്ക്?

അഴിമതിയുടെ ഈ ദൂഷിതവലയത്തിൽനിന്നു് എങ്ങനെ പുറത്തു കടക്കാം? ഒരു ധാർമിക വിപ്ലവമുണ്ടായാലേ സ്ഥിതി മെച്ചപ്പെട്ടു എന്നു പറയുന്നതിൽ അർത്ഥമില്ല. ബുദ്ധനോ ക്രിസ്തുവിനോ ഗാന്ധിക്കോ ഈ ലോകത്തിൽ ഒരു ധാർമികവിപ്ലവമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പിന്നെയാണോ നമുക്കു് അതിനു കഴിയുന്നതു്?

ഇന്ത്യയിലെ ഇന്നത്തെ ഭരണവ്യവസ്ഥയിൽ മൗലികമായ മാററം വരുത്താതെ ഈ അഴിമതി തടയാനാവില്ലെന്നു് ശ്രീ നെഹ്റു അഭിപ്രായപ്പെടുന്നു. അതിനു ഭരണഘടനതന്നെ പൊളിച്ചെഴുതേണ്ടിവരും. ജനാധിപത്യത്തിൽനിന്നും നാം വ്യതിചലിച്ചുകൂടാ. പക്ഷേ, ജനാധിപത്യത്തിനു് ഒരൊററ രൂപം മാത്രമല്ല ഉള്ളതു്. പല രാജ്യങ്ങളിൽ ജനാധിപത്യം പല രൂപത്തിലാണ്. ബ്രിട്ടനിലെ ജനാധിപത്യ സമ്പ്രദായമാണ് നാം പകർത്താൻ ശ്രമിച്ചതു്. അതു് ഇവിടേക്കു പററിയതല്ലെന്നു് ഇതി

നകം തെളിഞ്ഞുകഴിഞ്ഞു. അതിനാൽ, മററു പല രാജ്യങ്ങളിലും നിലവിലുള്ള ജനാധിപത്യത്തിന്റെ ചില രൂപഭേദങ്ങൾ നമുക്കും പരീക്ഷിച്ചുനോക്കിക്കൂടേ?

ജനാധിപത്യത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ എന്താണ്? ഭരണകർത്താക്കളെ തിരഞ്ഞെടുപ്പിലൂടെ നിശ്ചിതകാലങ്ങളിൽ മാററാൻ കഴിയണം, നിയമങ്ങൾ ഉണ്ടാക്കുന്നതു് ബഹുജനഹിതമനുസരിച്ചു് ആയിരിക്കണം. നിയമദൃഷ്ടിയിൽ എല്ലാവർക്കും സമത്വം വേണം. ഇക്കാര്യത്തിൽ ധനിക-ദരിദ്രഭേദമോ, ജാതി-മത-രാഷ്ട്രീയ-പ്രാദേശികഭേദങ്ങളോ ഉണ്ടായിക്കൂടാ. ഇത്രയും ഉറപ്പു വരുത്തിയാൽ, ജനാധിപത്യം ഭദ്രമാവും. ഇതുണ്ടായാൽ ഭരണസമ്പ്രദായത്തിൽ മാററം വരുത്തുന്നതിൽ, പിന്നീടു കാര്യമായ ആക്ഷേപത്തിനു വകയില്ല. ഉദാഹരണത്തിന്, നേരിട്ടു തിരഞ്ഞെടുപ്പു് പഞ്ചായത്തിലേക്കു മാത്രം മതി എന്നുവെക്കാം. പഞ്ചായത്തിൽനിന്നു ഡിസ്ട്രിക്ട് ബോർഡിലേക്കും, അവിടെനിന്ന് സ്റ്റേററ് നിയമസഭയിലേക്കും, അവിടെനിന്നു പാർലമെന്റിലേക്കും തിരഞ്ഞെടുപ്പു നടത്താം. ഈ തിരഞ്ഞെടുപ്പിൽ ആനുപാതിക പ്രാതിനിധ്യത്തിനും വ്യവസ്ഥ ചെയ്യാം. ചെലവു കുറയുമെന്നതിനു പുറമെ ഈ സമ്പ്രദായം നടപ്പിലാക്കിയാൽ യോഗ്യതയുള്ളവർ അധികാരസ്ഥാനങ്ങളിലെത്തും; അഴിമതി തടക്കാനും കഴിഞ്ഞേക്കും. ഈ സമ്പ്രദായത്തിനു വേറെയും പല ഗുണങ്ങളുണ്ടു്. ശ്രീ നെഹ്റു അവയിൽ പലതും വിവരിക്കുന്നുണ്ടു്.

നിയമനിർമാണവിഭാഗവും ഭരണനിർവഹണവിഭാഗവും തമ്മിൽ വേർതിരിക്കണമെന്നാണ് ശ്രീ നെഹ്റുവിന്റെ മറെറാരു നിർദ്ദേശം. ഇതിനർത്ഥം, അമേരിക്കയിലും ഫ്രാൻസിലും മററുമുള്ളമാതിരി, ഒരുതരം പ്രസിഡൻഷ്യൽ സമ്പ്രദായം ഇവിടെയും കൊണ്ടുവരണമെന്നാണ്. ഇതിൻ ഫലമായി, എം. എൽ. എ. മാർക്കും എം. പി. മാർക്കും മന്ത്രിമാരെ കൂടെക്കൂടെ ഭീഷണിപ്പെടുത്താൻ സാധിക്കാതെവരുന്നു. മന്ത്രിമാർക്ക് തങ്ങളുടെ കാലാവധി കഴിവോളം അധികാരത്തിൽ തുടരാനും, ഏതെങ്കിലും വിഭാഗത്തിന്റെ അപ്രീതി ഗണ്യമാക്കാതെ നീതി നടപ്പിൽ വരുത്താനും സാധിക്കുന്നു. ഇതുകൊണ്ടു് ഭരണം മെച്ചപ്പെടാതിരിക്കുകയില്ല. അതാതു കാലത്തെ ഭരണകക്ഷികളുടെ താളത്തിനൊത്തു തുള്ളാതെ, നിയമഭരണം ഉറപ്പു വരുത്തുമാറു് ഉദ്യോഗസ്ഥന്മാരുടെ സേവനവ്യവസ്ഥകൾ, പ്രൊമോഷൻ, അച്ചടക്കനടപടി മുതലായവ പട്ടാളത്തിലെന്നപോലെ, സീനിയർ സിവിൽ ഉദ്യോഗസ്ഥന്മാരുടെ ഒരു കൗൺസിലിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നും ശ്രീ നെഹ്റു നിർദേശിക്കുന്നു. വളരെ പതുക്കെ മാത്രം നീങ്ങുന്നതും കേന്ദ്രീകൃതവും, വക്കീൽ—കേന്ദ്രിതവും ആയ ഇന്നത്തെ നിയമപാലനസംവിധാനത്തിലും പല പരിഷ്കാരങ്ങളും ശ്രീ നെഹ്റു നിർദേശിക്കുന്നുണ്ടു്. താൻ നിർദേശിച്ച പരിഷ്കാരങ്ങളൊന്നും പുതിയവയല്ലെന്നും എത്രയോ രാജ്യങ്ങളിൽ എത്രയോ കാലമായി വളരെ ഫലപ്രദമായി നിലനിന്നുവരുന്നവയാണ് അവയെന്നും ശ്രീ നെഹ്റു പറയുന്നു. ഇന്നത്തെ വ്യവസ്ഥിതിയുടെ ഗുണം അനുഭവിക്കുന്ന അഴിമതിരാഷ്ട്രീയക്കാരും പണക്കാരും ഇത്തരം ഭേദഗതിനിർദേശങ്ങളെ നഖശിഖാന്തം എതിർക്കുമെന്നു് ഉറപ്പാണ്. നിയമസഭാസാമാജികരുടെ അംഗീകരണവും, സാധാരണഗതിയിൽ, ഇത്തരം പരിഷ്കാരങ്ങൾക്കു കിട്ടാൻ ഞെരുക്കമാവും. അവർ അംഗീകരിക്കാതെ ഒരു ഭേദഗതിയും നടപ്പിലാവുകയുമില്ല. പക്ഷേ, അസാധാരണ സന്ദർഭങ്ങൾ ഉണ്ടായിക്കൂടായ്കയില്ല. നാട്ടിൽ അസംതൃപ്തി വളർന്നുവരികയാണ്. ഈ അതൃപ്തി രാജ്യത്തെത്തന്നെ ഒരു പ്രതിസന്ധിഘട്ടത്തിലേക്കു നീക്കിയെന്നുവരാം. അതിനാൽ ഇന്നത്തെ കുഴപ്പങ്ങൾക്കു കൈക്കൊള്ളാവുന്ന പരിഹാരമാർഗങ്ങളെക്കുറിച്ചൊക്കെ തുറന്ന ചർച്ച നിരന്തരം നടക്കുന്നതു നല്ലതാണ്. ബുദ്ധിയും അറിവുമുള്ളവർ ഇത്തരം കാര്യങ്ങൾ

ആലോചിക്കണം. തല്ക്കാലം അവർക്ക് അധികാരമില്ലെങ്കിലും, ഒരവസരം വരുമ്പോൾ ജനങ്ങൾക്ക് വഴികാട്ടാൻ അവർക്ക് സാധിച്ചേക്കും.

ആ നിലയിൽ, ധീരമായി കാര്യങ്ങൾ തുറന്നുപറഞ്ഞതിലും, ഇന്ത്യയിൽ നമുക്ക് പരിചിതമായ ബ്രിട്ടീഷ് സമ്പ്രദായങ്ങളിൽനിന്നു പല വിധത്തിലും വ്യത്യസ്തങ്ങളായ ചില വികല്പങ്ങൾ ചൂണ്ടിക്കാണിച്ചതിലും ശ്രീ നെഹ്റു അഭിനന്ദനം അർഹിക്കുന്നു. നമ്മുടെ സമൂഹം രോഗബാധിതമാണ്, അഴിമതിയാണ് ആ രോഗം. അതിൻെറ ശരിയായ നിദാനം ശ്രീ നെഹ്റു സത്യസന്ധതയോടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അദ്ദേഹം നിർദേശിച്ച ചികിത്സ സ്വീകാര്യമല്ലെങ്കിൽ, സ്വീകാര്യമായ ചികിത്സ ഏതെന്ന് ആലോചിക്കേണ്ട ഉത്തരവാദിത്തം നമ്മളിൽ ഓരോരുത്തനുമുണ്ട്.

25 ഡിസംബർ, 1981

# 31. അഴിമതിയെപ്പററി വീണ്ടും

മാരകമായ ക്യാൻസർ രോഗംപോലെ ഇന്ത്യൻ സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന അഴിമതിയുടെ കാരണങ്ങൾ അപഗ്രഥിച്ചുകൊണ്ടും പ്രതിവിധികൾ നിർദേശിച്ചുകൊണ്ടും അത്യന്തം ശ്രദ്ധേയമായ ഒരു പ്രസംഗം കഴിഞ്ഞ ഡിസംബർ 22–ാം തീയതി മദ്രാസിൽവെച്ച് ശ്രീ ബി. കെ. നെഹ്റു ചെയ്യുകയുണ്ടായി. ഒരു തലമുറ മുമ്പുവരെ 'സത്യസന്ധരുടെ രാഷ്ട്രം' ആയിരുന്ന ഇന്ത്യ സ്വാതന്ത്ര്യലബ്ധിക്കു ശേഷം 'കള്ളന്മാരുടെ രാഷ്ട്രം' ആയി മാറിയിരിക്കുകയാണെന്നും, ഈ ദുരവസ്ഥയുടെ മൂലകാരണം നാം അംഗീകരിച്ചിട്ടുള്ള ഭരണസമ്പ്രദായമാണെന്നുംഈ പ്രസംഗത്തിൽ ശ്രീ നെഹ്റു ചൂണ്ടിക്കാണിച്ചിരുന്നു. 'തങ്ങളിൽ നിക്ഷിപ്തമായ അധികാരം ദുരുപയോഗപ്പെടുത്തി, അന്യായമായ ആനുകൂല്യങ്ങൾ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നല്കുന്നതിനു പ്രതിഫലമായി, നിയമസഭാംഗങ്ങൾ (മന്ത്രിമാരടക്കം) വാങ്ങുന്ന കോഴയാണ് ഇന്ത്യൻ ജനാധിപത്യത്തിൻെറയും ഇന്ത്യൻ അഴിമതിയുടെയും ഉറവിടം' എന്നു് ശ്രീ നെഹ്റു തുറന്നു പ്രസ്താവിച്ചു. അഴിമതിയുടെ ഉറവിടങ്ങൾ എന്നെന്നേക്കുമായി അടച്ചുകളയുന്നതിനായി ഇന്നത്തെ ഭരണസമ്പ്രദായത്തിൽ വരുത്തേണ്ട മൗലികങ്ങളായ ചില മാററങ്ങൾ അദ്ദേഹം നിർദേശിക്കുകയും ചെയ്തു.

1982 ജനവരി 17–ാം തീയതിയിലെ 'കുങ്കുമ'ത്തിൽ ചേർത്ത 'അഴിമതിയുടെ വേരുകൾ' എന്ന മുഖപ്രസംഗത്തിൽ ശ്രീ നെഹ്റുവിൻെറ നിർദേശങ്ങൾ സംക്ഷേപിച്ചു പ്രതിപാദിച്ചിരുന്നു. ജമ്മു-കാശ്മീർ സ്റ്റേററിലെ ഗവർണർ ആണ് ശ്രീ നെഹ്റു. അദ്ദേഹത്തിൻെറ പ്രസംഗം, അതു നടന്നതിൻെറ പിറേറന്നുതന്നെ,രാജ്യസഭയിൽ പരാമർശിക്കപ്പെട്ടു. മന്ത്രിമാരും എം. പി. മാരും അഴിമതിക്കാരാണെന്ന് ഈ പ്രസംഗത്തിൽ ശ്രീ നെഹ്റു പ്രസ്താവിച്ചിരിക്കുകയാൽ, ഒന്നുകിൽ കേന്ദ്ര മന്ത്രിസഭ രാജിവെക്കുകയോ, അല്ലെങ്കിൽ ശ്രീ നെഹ്റുവിനെ ഗവർണർസ്ഥാനത്തുനിന്ന് പിരിച്ചുവിടുകയോ ചെയ്യണമെന്ന് ഒരു എം. പി. ആവശ്യപ്പെട്ടു. പക്ഷേ, ഈ വിഷയത്തെപ്പററി ഒരു ചർച്ച അന്ന് അദ്ധ്യക്ഷൻ അനുവദിക്കുകയുണ്ടായില്ല.

ആ കുറവ് ഇപ്പോൾ പരിഹരിക്കപ്പെട്ടിരിക്കുന്നു. അഴിമതിയെപ്പററി മെയ് 6–ാം തീയതി രാജ്യസഭ മൂന്നു മണിക്കൂർ നീണ്ട ഒരു ചർച്ച നടത്തുകയുണ്ടായി. 'ആത്മവിമർശനത്തിൻേറതായ ഒരു ഹ്രസ്വനിമിഷത്തിൽ